പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 917 25.1.2018-ൽ മറുപടിയ്ക്ക്

**നാടൻ കന്നുകാലികളുടെ വംശനാശം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പാറക്കൽ അബ്ദുല്ല** | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ നാടൻ കന്നുകാലികളുടെ എണ്ണം 2003 നും 2012 നും ഇടയിൽ അഞ്ചിലൊന്നായി കുറഞ്ഞെന്ന ദേശീയ ഹരിത ട്രിബ്യൂണലിന്റെ കണ്ടെത്തൽ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | ഈ നില തുടർന്നാൽ ഇവയുടെ വംശനാശം സംഭവിച്ചേക്കുമെന്ന ട്രിബ്യൂണലിന്റെ ആശങ്ക പരിശോധിക്കുമോ; | ബി) | പരിശോധിച്ചു. വംശനാശം വരാതെ ഇവയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിന്റെ സഹായത്തോടെയും ,കേരള വെറ്ററിനറി സർവകലാശാലയുടെ സഹായത്തോടെയും കൂടാതെ മൃഗസംരക്ഷണ വകുപ്പ് സ്വന്തം നിലയിലും ചെയ്തു വരുന്നു. |
| സി) | ഇവയുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിക്കാൻ എന്താണ് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; | സി) | കേരളത്തിൽ ആളോഹരിസ്ഥല ലഭ്യത തീരെ കുറവാണ് . തീറ്റ ഉൽപ്പാദനത്തിനുള്ള അസംസ്കൃത ഘടകങ്ങൾ, വയ്ക്കോൽ മുതലായവ സംസ്ഥാനത്തിനു പുറത്ത് നിന്നും വരുത്തുന്നതിനാൽ തീറ്റ വില വളരെ കൂടുതലാണ്. മേയാനുള്ള സ്ഥലവും ലഭ്യമല്ല. നാടൻ ജനുസ്സുകളെ വളർത്തുന്ന ക്ഷീരകർഷകർക്ക് അധ്വാനത്തിനനുസൃതമായി വരുമാനം ലഭിക്കാറില്ല. അതിനാൽ പാൽ ലഭ്യത കുറവായ നാടൻ ഇനങ്ങളെ വളർത്തുവാൻ ക്ഷീരകർഷകർ വിമുഖത കാണിക്കുന്നുണ്ട്. അതിനാൽ താരതമ്യേന പാലുൽപ്പാദനശേഷി കുറഞ്ഞ നാടൻ ജനുസ്സുകളെ ഒഴിവാക്കി, ഉൽപ്പാദനശേഷി കൂടിയ സങ്കരവർഗ്ഗ പശുക്കളെ കൂടുതലായി കർഷകർ വളർത്തുകയും, നാടൻ ജനുസ്സുകളുടെ എണ്ണം കുറയുകയും ചെയ്തു. |
| ഡി) | എങ്കിൽ നാടൻ കന്നുകാലികളുടെ സംരക്ഷണത്തിനും അവയുടെ വംശനാശം തടയുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ? | ഡി) | കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് വർഗ്ഗ ഗുണമുള്ള തനത് ജനുസ്സിൽപ്പെട്ട നാടൻ കാളകളുടെ ബീജമാത്രകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട്. ആയത് കർഷകരുടെ ആവശ്യാനുസരണം മൃഗാശുപത്രികൾ മുഖേന മൃഗസംരക്ഷണ വകുപ്പ് സൗജന്യമായി വിതരണം നടത്തി വരുന്നു. കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിന്റെ ഉടമസ്ഥതയിൽ തൃശ്ശൂർ ജില്ലയിലെ പുത്തൂരിലുള്ള ഫാമിൽ ഭാരതത്തിലെ തനത് ജനുസ്സ് |

| | | | |
|---|---|---|---|
| | | | പശുക്കളെയും, കാളകളെയും വംശനാശം വരാതെ സംരക്ഷിക്കുന്നുണ്ട്. വംശവർദ്ധനവ് നടത്താനുതകുന്ന വിധം അവയുടെ ബീജമാത്രകൾ കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ പ്രധാന നാടൻ പശുയിനങ്ങളായ വെച്ചൂർ പശു, കാസർഗോഡ് കുള്ളൻ എന്നിവയെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, ജെഴ്സി ഫാം വിതുര എന്നീ ഫാമുകളിൽ സംരക്ഷിക്കുന്നുണ്ട്. തൃശ്ശൂരിലെ മണ്ണുത്തിയിലുള്ള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ ക്യാമ്പസിൽ വെച്ചൂർ പശുക്കളെ സംരക്ഷിക്കുന്നതിനായി ഫാം നടത്തി വരുന്നുണ്ട്. കൂടാതെ വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് എന്ന പേരിലുള്ള സർക്കാരിതര സംഘടന ഇവയെ സംരക്ഷിച്ചു വരുന്നു. വടക്കൻ കേരളത്തിലെ തനത് നാടൻ ഇനമായ കാസർഗോഡ് കുള്ളൻ പശുക്കളെയും , കാളകളെയും സംരക്ഷിക്കുന്നതിന് മാത്രമായി കാസർഗോഡ് ബദിയഡുക്കയിൽ മൃഗസംരക്ഷണ വകുപ്പ് ഒരു ഫാം സ്ഥാപിച്ചിട്ടുണ്ട്.<br>വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ പരിപാലിക്കുന്ന 300 ഓളം കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി 10,000/- രൂപ വിവിധ പദ്ധതികളിലായി കെ.എൽ.ഡി.ബോർഡ് നൽകി വരുന്നു. വെച്ചൂർ/തനത് നാടൻ ഇനങ്ങളെ പരിപാലിക്കുന്ന മികച്ച കർഷകന് കെ.എൽ.ഡി.ബി മുഖേന 'ഗോപാൽ രത്ന അവാർഡ്'' ,സംഘടനകൾ, സൊസൈറ്റികൾ, കർഷകകൂട്ടായ്മകൾ എന്നിവയ്ക്ക് 'കാമധേനു അവാർഡ് 'എന്നിവ വർഷം തോറും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ